LIBRARY ARCHIVES Kerala Legislative Assembly

സഹകരണ മേഖല ആഡിറ്റ്

141 (508) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ആഡിറ്റ് സമകാലികമാക്കാൻ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) സഹകരണ നിയമത്തിലെ 97-ാം ഭരണഘടനാ ഭേദഗതിയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നപ്രകാരം സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റ് സാമ്പത്തിക വർഷം അവസാനിച്ച് 6 മാസത്തിനകം പൂർത്തീകരിക്കുന്നതോടെ അംഗങ്ങൾക്കും പൊതുജനങ്ങൾക്കും സംഘത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് യഥാസമയം വിലയിരുത്താൻ സാധിക്കും. സഹകരണ സ്ഥാപനങ്ങളിലെ ആഡിറ്റുകൾ സമകാലികമാക്കുന്നതോടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംഘങ്ങൾക്കാവശ്യമായ ധനസഹായങ്ങൾ ലഭ്യമാക്കുന്നതിന് കഴിയുകയും അംഗങ്ങൾക്കും പൊതുജനങ്ങൾക്കും സഹകരണ സ്ഥാപനങ്ങളിലുള്ള വിശ്വാസ്യത നിലനിർത്താൻ സഹായകമാകുകയും ചെയ്യും.

(സി) 1-4-2013 മുതൽ 31-12-2013 വരെ നടന്ന ആഡിറ്റ് കുടിശ്ശിക നിവാരണ പദ്ധതി 2013-ന്റെ ഭാഗമായി ആഡിറ്റുകൾ പൂർത്തിയാക്കുന്നതിന് ആവശ്യമായ ആഡിറ്റർമാർ ഇല്ലാതിരുന്ന സാഹചര്യത്തിൽ നിലവിലെ ആഡിറ്റർമാർക്ക് പുറമേ വകുപ്പിലെ തന്നെ റിട്ടയർ ചെയ്ത ആഡിറ്റർമാരുടെ സേവനം ലഭ്യമാക്കിയിരുന്നു. കൂടാതെ ജനറൽ വിഭാഗത്തിലെ ഇൻസ്പെക്ടർമാരെയും ആഡിറ്റിംഗിന് നിയോഗിക്കുകയും ചെയ്തിരുന്നു. സഹകരണ ചട്ടം വകുപ്പ് 64(3) പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് 60 ദിവസത്തിനകം സംഘങ്ങളുടെ ഇനവും

തരവും അടിസ്ഥാനമാക്കി ഓരോ വിഭാഗവും ആഡിറ്റ് ചെയ്യേണ്ട ആഡിറ്റർമാരുടെ പദവിയും നിശ്ചയിച്ച് ഒരു പാനൽ പ്രസിദ്ധീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന് കാലതാമസം ഉണ്ടാകുന്നതിനാൽ 31-12-2015 വരെ നിലവിലുള്ള രീതി തുടരുവാൻ സർക്കാരിന്റെ ജി.ഒ (പി)നമ്പർ 83/2015/സഹ. നമ്പർ ഉത്തരവ് അനുസരിച്ച് ഇളവ് അനുവദിച്ചിട്ടുണ്ട്.

സഹകരണ നിയമം

142 (509) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ നിയമത്തിൽ ഭേദഗതി നിർദ്ദേശിക്കുന്നതിന് ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ ; കമ്മിറ്റി അംഗങ്ങൾ ആരെല്ലാമാണ് ;

(ബി) കമ്മിറ്റി ഭേദഗതിക്കായി പരിഗണിച്ചുകൊണ്ടിരിക്കുന്ന നിർദ്ദേശങ്ങൾ ഏതൊക്കെ ; കമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസ് വിശദമാക്കാമോ ;

(സി) പൊതുജനങ്ങളിൽ നിന്നും സഹകാരികളിൽ നിന്നും നിർദ്ദേശങ്ങൾ ക്ഷണിക്കുന്നതിനായി ഇതിനകം എത്ര സിറ്റിംഗ് നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ :

(ഡി) നിലവിലുള്ള ഏതെല്ലാം വ്യവസ്ഥകൾ എടുത്തു കളയാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും കമ്മിറ്റി അതിന്റെ റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1969-ലെ കേരള സഹകരണ സംഘം നിയമവും ചട്ടങ്ങളും സമഗ്രമായി ഭേദഗതി ചെയ്യുന്നതിന് ഒരു വിദഗ്ധ കമ്മിറ്റിയെ സർക്കാർ നിയമിച്ചിട്ടുണ്ട്. കമ്മിറ്റി അംഗങ്ങളുടെ പേര് വിവരം ചുവടെ ചേർക്കുന്നു:

1	ശ്രീ. കെ. ശിവദാസൻ നായർ, എം.എൽ.എ	ചെയർമാൻ
2	ശ്രീ. ജോയ് എബ്രഹാം, എം.പി.	അംഗം
3	ശ്രീ. കെ. എ. ചന്ദ്രൻ, എക്സ് എം.എൽ.എ.	അംഗം
4	അഡ്വ. എൻ. ദാമോദരൻ നായർ	അംഗം
5	ശ്രീ. ഇ. എം. അഗസ്തി, എക്സ് എം.എൽ.എ.	അംഗം
6	ശ്രീ. പി. രാഘവൻ, എക്സ് എം.എൽ.എ.	അംഗം

LIBRARY ARCHIVES Kerala Legislative Assembly